# ഇല്ലാത്ത സ്വലാത്തുകളുടെ വല്ലാത്ത പോരിശകൾ

ഫൈസൽ മുസ്‌ലിയാർ പുതുപ്പറമ്പ്

അല്ലാഹുവും റസൂലും പഠിപ്പിച്ച ദീൻ യാതൊരു കളങ്കവും ചേർക്കാതെ അപ്പടി സ്വീകരിച്ച് പ്രാവർത്തികമാക്കുന്നതിൽ എന്നും മനപ്രയാസമുള്ളവരാണല്ലോ ഖുറാഫീ മുസ്‌ലിയാക്കൾ. അതു കൊണ്ട് തന്നെ പരിശുദ്ധ ഇസ്‌ലാം പഠിപ്പിച്ച മുഴുവൻ കാര്യങ്ങളിലും എന്തെങ്കിലുമൊന്ന് കൂട്ടിച്ചേർത്തോ വെട്ടിച്ചുരുക്കിയോ മാത്രം അനുഷ്ടിക്കുകയും അതിലുപരി പ്രചരിപ്പിക്കുകയും ചെയ്യുക എന്ന തത്വമാണ് ഇക്കൂട്ടർ സ്വീകരിക്കാറുള്ളത്. കാരണം, ഖുർആനിനും സുന്നത്തിനും അനുസരിച്ച് മാത്രം ദീൻ പ്രചരിപ്പിക്കാൻ തുടങ്ങിയാൽ പിന്നെ സമൂഹത്തിലെ ഇത്തികണ്ണികളായ തങ്ങൾ പട്ടിണി കിടന്ന് മരിക്കേണ്ടി വരും എന്ന കൃത്യമായ ബോധ്യം തന്നെ. ''മതമല്ല മതമല്ല മതമല്ല പ്രശ്നം... എരിയുന്ന പൊരിയുന്ന വയറാണ് പ്രശ്നം'' എന്ന മുദ്രാവാക്യം കക്ഷി വ്യത്യാസമില്ലാതെ ഐക്യകണ്ഠ്യേന അംഗീകരിക്കാൻ ഇവരെ പ്രേരിപ്പിക്കുന്ന ഘടകവും മറ്റൊന്നല്ല.

പൂർവ്വികരായ മുസ്‌ലിയാക്കൾ ഉദരപൂരണത്തിനായി തുടങ്ങിവെച്ചതും പാരമ്പര്യമായി കൈമാറി വന്നതുമായ പാതിരാ വഅളിന് ശേഷമുള്ള ലേലം വിളി, കഥാ പ്രസംഗം, പിഞ്ഞാണമെഴുത്ത്, മഷി നോട്ടം, ഉറുക്ക്, നൂല്, ഏലസ്സ്, സിഹ്റ്, മുട്ടറുക്കൽ തുടങ്ങിയ ബിസിനസ്സുകൾ പതിനെട്ടടവും പയറ്റിയിട്ടും നില നിർത്താൻ സാധിക്കുന്നില്ലെന്ന് മനസ്സിലായപ്പോൾ ഇവർ പുതുതായി തുടങ്ങിയ ബിസ്നസ്സാണ് ദിക്ർ സ്വലാത് മജ്‌ലിസുകൾ. സ്വലാത്ത് ഹൽഖയും സ്വലാത് പെട്ടികളും മുതൽ ദിക്ർ സ്വലാത്ത് കുറി വരെ ഈ ഗണത്തിൽ നമുക്കിന്ന് കാണാൻ സാധിക്കുന്നു. (എന്റെ പ്രദേശത്ത് വർഷങ്ങളായിയുള്ളതാണ് ദിക്ർ-സ്വലാത്ത് കുറി. ഇത് വായിക്കുന്ന സമസ്ത മുസ്‌ലിയാക്കൾ തങ്ങളുടെ മഹല്ലുകളിലും അത് ആരംഭിക്കുമെന്ന് ഭയപ്പെടുന്നതിനാൽ കുറിയുടെ വിശദാംശം ഇവിടെ എഴുതുന്നില്ല)

റസൂലുല്ലാഹി(സ)യുടെ പേരിൽ സ്വലാത് ചൊല്ലൽ വലിയപുണ്യമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒന്നിന് പത്തിരട്ടി കിട്ടുമെന്നും ഹബീബിന്റെ പേര് കേട്ടിട്ട് സ്വലാത് ചൊല്ലാത്തവൻ പിശുക്കനാണെന്നുമുള്ള ഹദീസുകൾ സ്വലാത്ത് വർദ്ധിപ്പിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. മാത്രമല്ല, പ്രവാചകന്റെ പേര് പറയപ്പെട്ടിട്ട് സ്വലാത് ചൊല്ലാത്തവൻ തുലയട്ടെ എന്ന് റസൂലുല്ലാഹി(സ) പ്രാർത്ഥിച്ചു എന്നു കൂടി ഹദീസുകളിൽ കാണുമ്പോൾ സ്വലാത് ചൊല്ലാതിരിക്കാൻ ഒരു സത്യ വിശ്വാസിക്ക് എങ്ങിനെ സധിക്കും?

അല്ലാഹുവിൽ നിന്നുള്ള പ്രതിഫലേഛയോടെ വിശ്വാസികൾ സ്വലാത് വർദ്ധിപ്പിക്കുമ്പോൾ സമസ്ത മുസ്‌ലിയാക്കൾ പല ഭൗതിക നേട്ടങ്ങൾക്കും വേണ്ടി സ്വലാത് ചൊല്ലുകയും ചൊല്ലിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അല്ലെങ്കിലും അവരുടെ എല്ലാം അങ്ങനെയാണല്ലോ? ഏത് കർമം അവർ ചെയ്യുന്നുണ്ടെങ്കിലും ലക്ഷ്യം ഭൗതികമായിരിക്കുമെന്നത് അവർ തന്നെ അംഗീകരിക്കുന്നതാണല്ലോ.

മൗലീദ് ഓതിയാലുള്ള നേട്ടം ഒരു മുസ്‌ലിയാർ എഴുതുന്നത് നോക്കൂ.

നബിക്കുള്ള മൗലീദ് വീട്ടിലും ഓതേണ്ടതാ
അതിനാൽ മുസീബത്തൊക്കെയും നീങ്ങുന്നതാ
കള്ളന്റെ ശല്യം തന്നെയും ഒതുങ്ങുന്നതാ
ദാരിദ്ര്യവും നീങ്ങുന്നതായ് കാണുന്നതാ
ഹർഖും(1) വബാ(2) ഇവയൊക്കെയും കാക്കുന്നതാ
കണ്ണേറ് ഹസദും(3) നീങ്ങുവാൻ ഉതുകുന്നതാ

((1) തീപിടുത്തം 2) പ്ലേഗ് 3) അസൂയ)

*(അൽ മവാഹിബുൽ ജലിയ്യ, തഴവ മുസ്‌ലിയാർ)*

പാരത്രികമായ ഒരു നേട്ടം പോലും ഇവിടെ പറഞ്ഞില്ലെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഈ വരികൾ തീർത്തും തെറ്റാണെന്ന് ഈ ലേഖകന് വാദമില്ല. കാരണം തുഛമായ ശമ്പളം പറ്റുന്ന മുസ്‌ലിയാക്കൾ ദാരിദ്ര്യമില്ലാതെ കഴിഞ്ഞ് കൂടുന്നത് മൗലീദ് കൊണ്ടാണ് എന്ന സത്യം അംഗീകരിക്കാൻ നാം നിർബന്ധിതരാണല്ലോ. പറഞ്ഞു വന്നത് സ്വലാതിനെ കുറിച്ചാണല്ലോ! സ്വലാതിന്റെ ലക്ഷ്യവും മുസ്‌ലിയാകൾക്ക് മറ്റൊന്നല്ല. മേൽ പറഞ്ഞ മുസ്‌ലിയാർ തന്നെ എഴുതുന്നു.

ആവശ്യമിത്കൊണ്ടെപ്പോഴും നേടുന്നതാ
ദാരിദ്ര്യവും ഇത് ചൊല്ലിയാൽ നീങ്ങുന്നതാ (അൽ മവാഹിബ്)

ഇവിടെയും നേട്ടം പഴയതു തന്നെ. ഇത്തരം ഭൗതിക നേട്ടങ്ങൾ കാണിച്ചു കൊണ്ട് പൊതു ജനങ്ങളുടെ ഈമാനും സമ്പത്തും പോക്കറ്റടിക്കുകയാണ് ഇവർ ചെയ്തു കൊണ്ടിരിക്കുന്നത്. അതിന് പ്രവാചകൻ(സ) പഠിപ്പിച്ച സ്വലാതുകൾ തികയാതെ വരുമ്പോൾ ഇല്ലാത്ത സ്വലാതുകൾ ഉണ്ടെന്ന് പ്രചരിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ നാറലിലേക്കുള്ള നാരിയ സ്വലാതും മാലിന് വേണ്ടിയുള്ള കമാലിയ്യ സ്വലാതു മൊക്കെ നബി(സ) പഠിപ്പിച്ച സ്വലാതുകളേക്കാൾ പോരിശയുള്ളതായി പരിചയപ്പെടുത്തപ്പെടുന്നു.

മൂസാനബി കടലിൽ വടികൊണ്ടടിച്ചപ്പോൾ ആദ്യം പിളർന്നില്ലെന്നും പിന്നീട് സ്വലാത് ചൊല്ലി അടിച്ചപ്പോഴാണ് പിളർന്നതെന്നും, ആദം നബി ഭാര്യക്ക് മഹർ കൊടുത്തത് ഇരുപത് സ്വലാതാണ് എന്നും വരെ എഴുതി വെക്കുന്നിടത്ത് വരെ ഈ ബിസിനസ് മെന്റാലിറ്റി ഇവരെ കൊണ്ടെത്തിച്ചു. തഴവ മുസ്‌ലിയാർ തന്നെ പറയുന്നു.

മൂസാ നബി വടി കൊണ്ട് ബഹറിലടിച്ചതാ
അത് കൊണ്ട് പിളരാദാദ്യമേ നില കൊണ്ടതാ
എന്നിട്ട് റബ്ബിന്റാജ്ഞ യാസീൻ തങ്ങളിൽ
ചൊല്ലേണ്ടതാണ് സ്വലാത് പിന്നീടടിയതിൽ
ക്ഷണം തന്നെ ചൊല്ലിയടിച്ചു അപ്പോഴാണത്
പിളർന്നിട്ട് ഇടയിൽ കൂടി ഖൗമ് കടന്നത്. *(മവാഹിബ്)*

എന്നാൽ ഇതേ പുസ്തകത്തിൽ തന്നെ ബിസ്മിയുടെ പോരിശ പറയുന്ന അദ്ധ്യായത്തിൽ പറയുന്നത് നോക്കൂ.

പിന്നീടിറങ്ങീട്ടുണ്ട് മൂസാ കലീമിന്
ബഹ്റും പിളർന്ന് ഹലാക് വന്നു അദുവ്വിന്
മറ്റൊരു സ്ഥലത്ത് പറയുന്നു.
ആദം നബിയുള്ളാഹി മഹ്ർ കൊടുത്തത്
തിരു മുസ്ഥഫാ നബി മേൽ സ്വലാത്താണിരുപത് *(മവാഹിബ്)*

ഇങ്ങനെ ഇല്ലാത്ത പോരിശകൾ കെട്ടിയുണ്ടാക്കി പ്രചരിപ്പിച്ച് സമൂഹത്തിന് സ്വലാത്തിനോടുള്ള സ്നേഹം ചൂഷണം ചെയ്ത് ജിവിക്കുന്ന ഈ പുരോഹിത വിഭാഗത്തിന്റെ കാര്യത്തിൽ ഖുർആൻ വചനം എത്ര കൃത്യം

“ഹേ സത്യ വിശ്വാസികളേ, അധിക പൂരോഹിതരും പാതിരിമാരും ജനങ്ങളുടെ ധനം അന്യായ മായി തിന്നുകയും അള്ളാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് അവരെ തടയുകയും ചെയ്യുന്നു.” *(വി:ഖു. 9.34)*